**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2283** **09-02-2023 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിലും സാമ്പത്തിക ശാക്തീകരണത്തിനും കുടുംബശ്രീ പ്രസ്ഥാനം കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷം കൊണ്ട് കൈവരിച്ച നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ :- കുടുംബശ്രീ ത്രിതല സംഘടനാ സംവി ധാനങ്ങളിലൂടെ പ്രവർത്തനങ്ങൾ ഏറ്റ ടുക്കുക വഴി ഭരണ നിർവ്വഹണ പാട വശേഷി നേടിയെടുക്കാൻ സാധിച്ചു. അവകാശങ്ങളും, ചുമതലകളും സംബ ന്ധിച്ച് അവബോധം സ്ത്രീകളിൽ സൃഷ്ടിക്കുകയും അവ നേടിയെടുക്കുന്നതിനുള്ള ഇച്ഛാശക്തി വർദ്ധിപ്പിക്കുകയും ചെയ്തു. സ്ത്രീകൾക്ക് പൊതു യോഗങ്ങളിൽ സംസാരിക്കുന്നതിനും അഭിസംബോധന ചെയ്യുന്നതിനുമുള്ള വിമുഖത മാറുവാൻ സഹായകമായി. സർക്കാർ സേവനങ്ങളെ സംബന്ധിച്ചും അവ നേടുന്നതിനു മുള്ള അറിവും കഴിവും സ്ത്രീകളിൽ വർധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും പങ്കെടുക്കുന്നതിനുമുള്ള സ്ത്രീകളുടെ കഴിവ് വികസിക്കുകയും ചെയ്തു. കൂടാതെ വനിതാ ജനപ്രതിനിധികളായി തെരെഞ്ഞെടുത്തവരിൽ 80% കുടുംബശ്രീ അംഗങ്ങളാണ്. സ്ത്രീകളുടെ ആത്മാഭിമാനം വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീ കാരണമായിട്ടുണ്ട്. സ്ത്രീകൾക്ക് യാ ത്ര ചെയ്യുന്നതിനുള്ള സ്വാശ്രയത്വവും സ്വാതന്ത്ര്യവും വർദ്ധിച്ചു. സ്ത്രീകൾക്ക് വാഹനം ഓടിക്കുന്നതിനും സ്വയമായി വാഹനം സ്വന്തമാക്കുന്നതിനും സാധിച്ചു. സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ ഇടപെടാനുള്ള കഴിവും അവരുടെ പങ്കാളിത്തവും വർദ്ധിച്ചു. സ്ത്രീകൾക്ക് സ്വന്തമായി കൂടുതൽ ആസ്തികൾ നേടുന്നതിന് വർദ്ധനവിന് കാരണമായിട്ടുണ്ട്. അയൽക്കൂട്ടത്തിലെ മിതവ്യയ സമ്പാദ്യത്തിലൂടെ സ്ത്രീകൾക്ക് കൂടുതൽ സാമ്പത്തിക ശാക്തീ കരണം നേടുന്നതിന് സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ സംവിധാനത്തിലൂടെ കൂടുതൽ വരുമാനം നേടുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം നേടുകയും ഒരു കാലത്ത് പുരുഷന്മാർ മാത്രം ചെയ്തിരുന്ന തൊഴിലുകൾ സ്ത്രീകൾ ചെയ്യുന്നതിനും അപ്രകാരം വ്യത്യസ്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്.<br><br>കുടുംബശ്രീ സംവിധാനം തൊഴിലുറപ്പ് പോലുള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ കായിക അദ്ധ്വാനമുള്ള പ്രവർത്തനങ്ങളിലും വരുമാനദായക പ്രവർത്തനങ്ങളിലും ഏർപ്പെടാൻ സ്ത്രീകളെ സഹായിച്ചിട്ടുണ്ട്.<br><br>കുടുംബശ്രീ സംവിധാനത്തിലൂടെ കാർഷിക മേഖലകളിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ വ്യത്യസ്ത മേഖലകളില പ്രവർത്തനങ്ങളുടെ അംഗീകാരമായി നിരവധി അവാർഡുകൾ ലഭ്യമായി ട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇ-ഗ വേണൻസ് അവാർഡ് എൻ.യു.എൽ. എം, പി.എം.എ.വൈ., ഡി.ഡി.യു.ജി.ക .വൈ എന്നീ പദ്ധതികളിലെ ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്കുള്ള അവാർഡ് തുടങ്ങിയ നിരവധി അംഗീകാരങ്ങൾ കുടുംബശ്രീയുടെ നേട്ടങ്ങളിൽ ഉൾപ്പെടും. |
| (ബി) | രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ചുവട് 2023 അയൽകൂട്ട സംഗമങ്ങൾ കുടംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനായി ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാനുതകുന്ന തരത്തിൽ ആസൂത്രണം ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഇതിന്റെ ആദ്യപടിയായി കേരളത്തിലെ 3 ലക്ഷം അയൽക്കൂട്ടങ്ങളിൽ ചുവട് - 2023 എന്ന പേരിൽ ഒരു അയൽക്കൂട്ട സംഗമം നടത്തുകയും, ഓരോ അയൽക്കൂട്ടങ്ങളും ശുചിത്വം, ആരോഗ്യം കുടുംബശ്രീയുടെ ഭാവി പ്രവർത്തനങ്ങൾ, മറ്റു വിഷയങ്ങൾ എന്നിവ സംബന്ധിച്ച ചർച്ച ചെയ്യുകയുമുണ്ടായി. ഇവയുടെ ക്രോഡീകരണം വ്യത്യസ്ത തലങ്ങളിൽ നടത്തി. സംസ്ഥാനതലത്തിൽ ഒരു വികസന രേഖയായി മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാന ത്തിൽ ഓരോ അയൽക്കൂട്ടങ്ങളും അയൽക്കൂട്ട തലത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും, അത് നേടിയെടുക്കുകയും ചെയ്യും. ഇപ്രകാരം കേരളത്തിലെ 3 ലക്ഷം അയൽക്കൂട്ടങ്ങൾ ഒരുമിച്ച് ചേർന്ന് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ അയൽക്കൂട്ടത്തിന് ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടു ക്കുക വഴി കേരളത്തിന്റെ സമഗ്രമായ വികസനത്തിന്റെ ആക്കം കൂട്ടുകയും ചെയ്യും |
| (സി) | 2011-16 കാലത്ത് ജനശ്രീയ്ക്കായി കുടംബശ്രീയെ തകർക്കാൻ എന്ന രീതിയിൽ നടത്തിയതായി | (സി) | കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്, സംസ്ഥാന ബഡ്ജറ്റിൽ |

| | | | |
|---|---|---|---|
| | പറയപ്പെടുന്ന ശ്രമങ്ങളെ അതിജീവിക്കുന്നതിന് കഴിഞ്ഞ സർക്കാരും ഈ സർക്കാരും കുടുംബശ്രീക്ക് നൽകിയ പിന്തുണയെക്കുറിച്ച് വിശദമാക്കാമോ? | | കുടുംബശ്രീക്കായി പ്രത്യേക ഫണ്ട് എല്ലാ വർഷവും വകയിരുത്തി വരുന്നു. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതി, ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി, പിഎംഎവൈ (നഗരം)-ലൈഫ്, ഡിഡിയുജികെവൈ, SVEP, കുടുംബശ്രീ എൻ.ആർ.ഒ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായി കുടുംബശ്രീ മാറുന്നതിന് ആവശ്യമായ പിന്തുണയും ഇടപെടലും നൽകി. സി ഡിഎസ് ചെയർപേഴ്സൺമാർ ഹോണറേറിയം കാലോചിതമായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. മിഷൻ ഉദ്യോഗസ്ഥർക്ക് കാലോചിതമായ ശമ്പള വർദ്ധനവ് ഉറപ്പാക്കി സർക്കാരിന്റെ വിവിധ പദ്ധതികളിൽ പ്രത്യേകിച്ച് ദാരിദ്ര്യ നിർമാർജന പദ്ധതികളിൽ കുടുംബശ്രീ പങ്കാളിത്തം ഉറപ്പാക്കി. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ കുടുംബശ്രീക്ക് വേണ്ടി പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുള്ള ആവശ്യമായ ഇടപെടലുകൾ നടത്തി. |

സെക്ഷൻ ഓഫീസർ